"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം - വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീ.അബ്ദുൽ ജലീൽ.ഡി.വി, നിയമനത്തിനായി കാത്തുനിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.786/2026/LSGD തിരുവനന്തപുരം, തീയതി:17-03-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.2393/2024/തസ്വഭവ തീയതി: 07.12.2024

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.11.2025-ലെ LSGD/PD/4576/2025-DEA1നമ്പർ കത്ത്

**ഉത്തരവ്**

ജലനിധി ( Kerala Rural Water Supply & Sanitation Agency) കണ്ണൂർ റീജിയണൽ പ്രൊജക്ട് ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരികയായിരുന്ന ശ്രീ.അബ്ദുൽ ജലീൽ.ഡി.വി, ഡെപ്യൂട്ടി ഡയറക്ടർ, 30.11.2024-ൽ ഡെപ്യൂട്ടേഷനിൽ നിന്നും വിടുതൽ ലഭിച്ചതിനെതുടർന്ന് 02.12.2024-ൽ (01.12.2024 അവധിയായതിനാൽ) മാതൃവകുപ്പിൽ നിയമനത്തിനായി തിരികെ പ്രവേശിച്ചിരുന്നു. പരാമർശം (1) പ്രകാരം ടിയാളെ കാസർഗോഡ് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് I തസ്തികയിൽ നിയമിക്കുകയും 09.12.2024 പൂർവ്വാഹ്നം ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ.അബ്ദുൽ ജലീൽ.ഡി.വി, നിയമനത്തിനായി കാത്തുനിന്ന 01.12.2024 മുതൽ 08.12.2024 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുവാൻ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീ.അബ്ദുൽ ജലീൽ.ഡി.വി, നിയമനത്തിനായി കാത്തുനിന്ന 01.12.2024 മുതൽ 08.12.2024 വരെയുള്ള കാലയളവ് കെ എസ് ആർ ഭാഗം I, ചട്ടം 12 (7)-ന്റെ ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീ.അബ്ദുൽ ജലീൽ.ഡി.വി, ഡെപ്യൂട്ടി ഡയറക്ടർ, (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ

വകുപ്പ്, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Suja. M
Date: 17-03-2026 12:50:09
സെക്ഷൻ ഓഫീസർ